# പ്രാഥമിക ആരോഗ്യ കേന്ദ്രം, റാന്നി– പഴവങ്ങാടി, മക്കപ്പുഴ

നം :17/2024

തീയതി : 15/01/2024

## ദർഘാസ്/ ലേല പരസ്യം

പഴവങ്ങാടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മരങ്ങൾ ( 14 എണ്ണം) മുറിച്ചു മാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ടി മരങ്ങൾ ദർഘാസ്/ പരസ്യ ലേലം മുഖാന്തിരം വിൽപ്പന നടത്താൻ തീരുമാനിച്ചിരിക്കുന്നു.

ടെണ്ടർ ഫോറ വില – 1050/- + 18% ജി. എസ്. റ്റി

നിരത ദ്രവ്യം – 13125/- ( മെഡിക്കൽ ആഫീസർ, പി. എച്ച്. സി പഴവങ്ങാടിയുടെ പേരിൽ ഡി.ഡി ആയി മാത്രമേ സ്വീകരിക്കുകയുള്ളു.)

രേഖപ്പെടുത്തേണ്ട കുറഞ്ഞ തുക – 5, 25000/-( അഞ്ച് ലക്ഷത്തി ഇരുപത്തി അയ്യായിരം)

ദർഘാസ് ഫോറം വിൽപ്പന അവസാനിക്കുന്ന തീയതി – 05/02/2024 2PM

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതി – 06/02/2024 2PM

07/02/2024 2PM പഴവങ്ങാടി പി. എച്ച്. സി– യിൽ വച്ച് പരസ്യമായി ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ 07/02/2024 1PM- ന് മുൻപായി 13125/- രൂപ നിരതദ്രവം ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. പരസ്യ ലേലത്തെ തുടർന്ന് ഹാജറുള്ള ദർഘാസുക്കാരുടെ സാന്നിധ്യത്തിൽ ലഭ്യമായ ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ / ലേലം വിളിച്ച വ്യക്തികൾ/ സ്ഥാപനത്തിന്റെ ടെണ്ടർ/ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ദർഘാസ് / ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി അപ്പോൾ തന്നെ ലേല തുകയുടെ 1/3 തുക ഒടുക്കേണ്ടതാണ്. ജില്ലാ മെഡിക്കൽ ആഫീസർ ( പത്തനംതിട്ട)- യുടെ അംഗീകാരത്തിന് വിധേയമായി ദർഘാസ്/ ലേലം സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് ദർഘാസ്/ ലേലം അംഗീകരിച്ചതായി അറിയിപ്പ് നൽകുന്നതും അറിയിപ്പ് ലഭിച്ച വ്യക്തി 2/3 ഭാഗം തുക ( ജി. എസ്. ടി, എഫ്.ഡി.റ്റി ഉൾപ്പെടെ) 2 ദിവസത്തിനകം ഈ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. കൂടാതെ ലേലം/ ടെണ്ടർ സ്ഥിരപ്പെടുത്തിയ വ്യക്തി സ്വന്തം ചെലവിൽ 3 ദിവസത്തിനകം ഈ സ്ഥാപന മേധാവിയുമായി 200 രൂപ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. കരാർ ഉറപ്പിച്ച് 10 ദിവസത്തിനം കരാറുകാരൻ കെട്ടിടങ്ങൾക്ക് കേടുപാട് ഉണ്ടാകാകെ സ്വന്തം ചെലവിൽ മരങ്ങൾ മുറിച്ചു മാറ്റി പരിസരം വൃത്തിയാക്കി നൽകേണ്ടതാണ്. സർക്കാരിന്റെ നിലവിലുള്ള എല്ലാ ടെണ്ടർ/ ലേല നിയമങ്ങളും ഈ ദർഘാസ്/ ലേലത്തിലും ബാധകമായിരിക്കും.

ദർഘാസ് / ലേലം സ്ഥിരപ്പെടുത്തിയ വ്യക്തി ചുവടെ ചേർത്തിരിക്കുന്ന ലേല നിബന്ധനകൾ പൂർണ്ണമായി അംഗീകരിക്കേണ്ടതും അതിനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ലേല നിബന്ധനകൾ ലംഘിക്കുന്ന പക്ഷം ദർഘാസ്/ ലേലവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടാകുന്ന നഷ്ടം ലേലക്കാരനിൽ നിന്നും നിയമ നടപടികളിൽ കൂടി വസൂലാക്കുന്നതാണ്.

ടെണ്ടർ നടപടികൾ മാറ്റി വെയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ മെഡിക്കൽ ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ( രാവിലെ 10 മുതൽ 5 വരെ) പി. എച്ച്. സി- യിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടർ/ ലേലം നിശ്ചയിച്ചിരിക്കുന്ന ദിവസം അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെണ്ടർ/ ലേലം നടത്തുന്നതാണ്.

**ലേല നിബന്ധനകൾ**

1. 07/02/2024 -ന് 2PMനടക്കുന്ന ദർഘാസ് പരസ്യ ലേലത്തിൽ മെഡിക്കൽ ആഫീസർ ഇൻചാർജ്ജിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്.
2. പി. എച്ച്. സി- യിലെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന ഒരു പ്രവർത്തിയും ലേലക്കാരന്റെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല.
3. ലേലം കൊള്ളുന്ന വ്യക്തി മറ്റു വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ കൈമാറ്റം ചെയ്യാനോ/ നൽകാനോ പാടില്ലാത്തതാണ്.
4. മരം മുറിച്ചു മാറ്റുമ്പോൾ ബന്ധപ്പെട്ട സ്ഥലത്ത് നിൽക്കുന്ന കെട്ടിടങ്ങൾക്കോ, മറ്റ് സ്ഥാവര ജംഗമ വസ്തുകൾക്കോ നാശനഷ്ടം വരാതെ സൂക്ഷിക്കേണ്ടതാണ്. അത്തരത്തിൽ ഏതെങ്കിലും നാശനഷ്ടം ഉണ്ടാകുന്ന പക്ഷം നിയമാനുസൃത നഷ്ട പരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കാവുന്നതാണ്.
5. മരം മുറിക്കുമ്പോൾ വൃക്ഷങ്ങളിൽ മുട്ടയോ കുഞ്ഞുങ്ങളോടു കൂടിയ പക്ഷികൂടുകളോ ശ്രദ്ധയിൽപ്പെട്ടാൽ ടി വിവരം മരം മുറിക്കുന്നതിന് മുൻപായി വനം വകുപ്പ് അധികൃതരെ അറിയിക്കേണ്ടതാണ്.
6. ലേലം സ്ഥിരപ്പെടുത്തുന്നത് ജില്ലാ മെഡിക്കൽ ആഫീസർ ( ആരോഗ്യം) പത്തനംതിട്ടയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ്.
7. ലേലം ചെയ്ത് ലഭിക്കുന്ന തുകയും ടി തുകയുടെ 18% ജി. എസ്. റ്റി- യും ലേല തുകയുടെ 5 % വന വികസന നികുതി ( FDT) ലേലക്കാരിൽ നിന്നും ഈടാക്കാവുന്നതാണ്.
8. ലേല തുക കുറവ് എന്ന് തോന്നുന്ന പക്ഷം പുനർ ലേലം നടത്താൻ മെഡിക്കൽ ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കും. ആഫീസറുടെ തീരുമാനം അന്തിമമായിരിക്കും
9. ലേലം കൊണ്ട വ്യക്തി ലേലം സ്ഥിരപ്പെടുത്തിയ നോട്ടീസ് കൈപ്പറ്റി 10 ദിവസത്തിനകം മരങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

P.H. CENTRE Ranni Pazhavangadi MAKKAPUZHA P.O.

മെഡിക്കൽ ആഫീസർ ഇൻചാർജ്ജ്

MEDICAL OFFICER IN-CHARGE
Primary Health Centre
Ranny, Pazhavangadi
MAKKAPUZHA - 689 676

## മുറിച്ചു മാറ്റേണ്ട മരങ്ങൾ

| ക്രമ നമ്പർ | ഇനം | വണ്ണം ( സെ. മീ) | തടിയുടെ അളവ് എം$^3$ | വിറക് അളവ് |
|---|---|---|---|---|
| 1 | പ്ലാവ് | 99 | 0.257 | 0.035 |
| 2 | മാവ് | 230 | 2.869 | 1.249 |
| 3 | പ്ലാവ് | 124 | 0.547 | 0.139 |
| 4 | പ്ലാവ് | 134 | 0.708 | 0.164 |
| 5 | പ്ലാവ് | 210 | 2.360 | 0.981 |
| 6 | മാവ് | 150 | 1.061 | 0.352 |
| 7 | പ്ലാവ് | 134 | 0.708 | 0.164 |
| 8 | പ്ലാവ് | 190 | 1.889 | 0.734 |
| 9 | തേക്ക് | 184 | 1.305 | 0.481 |
| 10 | മാവ് | 127 | 0.708 | 0.164 |
| 11 | മാവ് | 232 | 2.869 | 1.249 |
| 12 | മരുതി | 153 | 0.685 | 0.656 |
| 13 | വട്ട | 120 | 0.552 | 0.221 |
| 14 | വട്ട | 124 | 0.552 | 0.221 |

P.H. CENTRE
Ranni
Pazhavangadi
MAKKAPUZHA P.O.

MEDICAL OFFICER IN-CHARGE
Primary Health Centre
Ranny, Pazhavangadi
MAKKAPUZHA - 689 678

പകർപ്പ്

1. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2. ബഹു. ജില്ലാ കളക്ടർ, പത്തനംതിട്ട
3. ബഹു. ജില്ലാ മെഡിക്കൽ ആഫീസർ, പത്തനംതിട്ട
4. ഡയറക്ടർ, PRD, തിരുവനന്തപുരം, ഇൻഫർമേഷൻ ആഫീസർ പത്തനംതിട്ട
5. തഹസിൽദാർ, റാന്നി
6. പി. എച്ച്. സി റാന്നി പഴവങ്ങാടി നോട്ടീസ് ബോർഡ്
7. സൂപ്രണ്ട്, ജില്ലാ/ താലൂക്ക് ആശുപത്രി റാന്നി, കോഴഞ്ചേരി
8. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് വെച്ചൂച്ചിറ
9. സെക്രട്ടറി, ഗ്രാമപഞ്ചായത്ത്, പഴവങ്ങാടി
10. വില്ലേജ് ആഫീസർ, ചേത്തയ്ക്കൽ
11. ഓഫീസ് ഫയൽ